# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3614 — 20/06/2019-ൽ മറുപടിയ്ക്ക്

## നിപ വൈറസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറയ്ക്കൽ അബ്ദുള്ള | | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | കഴിഞ്ഞ വർഷം കോഴിക്കോട്ടും മലപ്പുറത്തുമായി 17 പേരുടെ ജീവനെടുത്ത നിപ വൈറസ് ഈ വർഷം എറണാകുളത്ത് വീണ്ടും സ്ഥിരീകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | എ) | എറണാകുളം പറവൂർ സ്വദേശിയായ 23 വയസ്സുള്ള പോളിടെക്നിക് വിദ്യാർത്ഥിയിൽ നിപ ബാധ സ്ഥിരീകരിച്ചു. രോഗി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു. രോഗനില മെച്ചപ്പെട്ടുവരുന്നു. അവസാനവട്ട സാമ്പിൾ പരിശോധനാഫലം നെഗറ്റീവായിരുന്നു. |
| ബി) | പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ രോഗം സ്ഥിരീകരിച്ചത്; | ബി) | അതെ. |
| സി) | പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ കേന്ദ്ര ആരോഗ്യവകുപ്പിന്റെ വിദഗ്ധ സംഘം കൊച്ചിയിൽ എത്തിയിട്ടുണ്ടോ; | സി) | എത്തിയിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്ത് എത്ര പേർക്കാണ് ഇതിനകം രോഗം സ്ഥിരീകരിച്ചത്; എത്ര പേർ ഇപ്പോൾ വിവിധ ആശുപത്രികളിലായി നിരീക്ഷണത്തിലുണ്ട്; | ഡി) | ഈ വർഷം ഒരാൾക്കു മാത്രമേ സ്ഥിരീകരിച്ചുള്ളൂ. 13 പേർ എറണാകുളം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആദ്യഘട്ടത്തിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്നു. കൂടാതെ സംശയാസ്പദമായി 5 പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിലും , ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഓരോ ആളുകൾ വീതവും നിരീക്ഷണത്തിൽ ഉണ്ടായിരുന്നു. ഈ മുഴുവൻ ആളുകളുടെയും അവസാനവട്ട സാമ്പിൾ പരിശോധനയിൽ നിപ വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. 13/06/2019-ലെ കണക്കുപ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ 4 പേരും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരാളും ഐസൊലേഷൻ വാർഡിൽ |

നിരീക്ഷണത്തിലാണ്. ഇവരുടെ അവസാനവട്ട സാമ്പിൾ പരിശോധനയിലും നിപ വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

| | |
|---|---|
| ഇ) കഴിഞ്ഞ വർഷം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്ത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഇനിയും പ്രവർത്തന സജ്ജമല്ലാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ) കഴിഞ്ഞ വർഷം ആലപ്പുഴയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**